പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4002 31/01/2014-ൽ മറുപടിക്ക്

## അവിവാഹിതരായ ആദിവാസി അമ്മമാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>ശ്രീമതി. കെ. കെ. ലതിക :<br>ശ്രീ. സാജു പോൾ :<br>ശ്രീ. സി. കെ. സദാശിവൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലയിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | എങ്കിൽ ആദിവാസി മേഖലയിലെ പ്രായപൂർത്തിയാകാത്തവരടക്കമുള്ള അവിവാഹിതരായ അമ്മമാർ നേരിടുന്ന ദുരവസ്ഥ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (ബി) | സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി അവിവാഹി തരായ പട്ടികവർഗ്ഗ അമ്മമാരെ പുനരധി വസിപ്പിക്കുന്നതിനായി 2011-12 വർഷം പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇവരുടെ ഭൗതിക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാ യുള്ള പാക്കേജിൽ ഭവന നിർമ്മാണം, വീട് റിപ്പയർ, ജീവനോപാധിക്കായി കറവപ്പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, കുട്ട-വട്ടി നിർമ്മാണം, നൈപുണി വർദ്ധനവിനായി തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തൽ, എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയാണ് ടി പദ്ധതികൾ നടപ്പിലാക്കുന്നത്. കൂടാതെ, പട്ടികവർഗ്ഗ ത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർക്ക് 'സ്നേഹസ്പർശം' എന്ന പേരിൽ പ്രതിമാസ പെൻഷൻ പദ്ധതി സാമൂഹ്യ നീതി വകുപ്പിലെ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം അവിവാഹിതരായ അമ്മമാർക്ക് 1000/- രൂപ പ്രതിമാസ പെൻഷൻ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | അവിവാഹിതരായ ആദിവാസി അമ്മമാരേയും കുട്ടികളേയും പുനരധിവസിപ്പിക്കുന്നതിന് കഴിഞ്ഞ സർക്കാർ ചെയ്ത കാര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരേയും കുട്ടികളേയും പുനരധിവസിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നില്ല. |
| (ഡി) | അവിവാഹിതരായ ആദിവാസി അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസം സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ഡി) | സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷം ആവിഷ്കരിച്ച പ്രത്യേക പദ്ധതി തുടർന്നുകൊണ്ടിരിക്കുന്നു. അതോടൊപ്പം അവിവാഹിതരായ അമ്മമാരുടെ കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി ആവശ്യമുള്ള കേസ്സുകളിൽ പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനം നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**